# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4179** **12.11.2019- ൽ മറുപടിക്ക്**

**കടക്കെണിയിലായ സംരംഭകരെ സഹായിക്കാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റോജി എം. ജോൺ** | **ശ്രീ. ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ സംരംഭങ്ങൾ തകർന്ന് കടക്കെണിയിലായ സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | പീഡിത എം.എസ്.എം.ഇ മേഖലയെ പുനഃരുദ്ധരിക്കുക വഴി തൊഴിലും നിക്ഷേപവും ഉറപ്പുവരുത്തുന്നതിനായി ജി.ഒ.(എം.എസ്)നമ്പർ 38/2018/ഐഡി തീയതി 15/05/2018 പ്രകാരം 'കേരള സ്ട്രെസ്ഡ് എം.എസ്.എം.ഇ റിവൈവൽ ആന്റ് റീഹാബിലിറ്റേഷൻ പദ്ധതി" ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിലുള്ള ലോൺ റീസ്ട്രക്ചർ ചെയ്യുന്നതിന് മാർജിൻമണി ഗ്രാന്റ്, പലിശ ഇളവ് എന്നിവയും, റീസ്റ്റാർട്ട് എക്സ്പെൻസ്, ക്ലിയറൻസ് ഓഫ് സ്റ്റാറ്റ്യൂട്ടറി ഡ്യൂസ്, റിവൈവൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവ് എന്നീ സഹായങ്ങളും നൽകി വരുന്നു. |
| ബി) | വായ്പ എടുത്ത് വ്യവസായം തുടങ്ങിയിട്ട് തിരിച്ചടവിൽ മുടക്കം വരുമ്പോൾ പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) & സി) | മാർജിൻ മണി വായ്പ കുടിശ്ശികക്കാർക്കായി പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് G.O.(Rt)764/19/ID തീയതി 08/08/2019 പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം വായ്പാ കുടിശ്ശിക തീർപ്പാക്കാൻ ഉദ്ദേശിക്കുന്ന സംരംഭകർ ഉത്തരവ് തീയതിയായ 08/08/2019 മുതൽ 3 മാസങ്ങൾക്കകം അതായത് 07/11/2019 ന് മുൻപായി അപേക്ഷ നൽകുകയും ആദ്യ ഗഡുവായ 50% തുക അടച്ചിരിക്കേണ്ടതുമാണ്. അടുത്ത രണ്ട് ഗഡുക്കൾ ഒരു വർഷത്തിനകം അടച്ചാൽ മതിയാകും. |
| സി) | എങ്കിൽ അതിനായി സമയപരിധി പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ